വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ) കേരള സർവകലാശാലയുടേയും മഹാത്മാഗാന്ധി സർവകലാശാലയുടേയും ശുപാർശകൾ ഗവൺമെന്റിന് ലഭിച്ചിട്ടുണ്ട്.

(ബി) കേരളത്തിലെ എല്ലാ സർവ്വകലാശാലകളിൽ നിന്നുമുള്ള ശുപാർശകൾ ലഭിച്ചശേഷം മാത്രമേ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതു സംബന്ധിച്ച തീരുമാനം കൈക്കൊള്ളുകയുള്ളൂ.

16 (*326) വിദ്യാർത്ഥിരാഷ്ട്രീയ നിരോധനം

ശ്രീ. കെ.എ. ചന്ദ്രൻ :

ശ്രീമതി ശോഭനാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ വിദ്യാർത്ഥിരാഷ്ട്രീയം നിരോധിച്ചുകൊണ്ടുള്ള കോടതി ഉത്തരവിനുശേഷം സ്കൂൾ വിദ്യാഭ്യാസ രംഗത്ത് ഉണ്ടായിട്ടുള്ള മാറ്റത്തെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ;

(ബി) സ്കൂൾ തലത്തിൽ വിദ്യാർത്ഥി സമരങ്ങളുടെ എണ്ണത്തിൽ കുറവുണ്ടായിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സമരങ്ങളുടെ കാര്യത്തിലുണ്ടായിട്ടുള്ള കുറവ്, വിദ്യാർത്ഥി രാഷ്ട്രീയം നിരോധിച്ചതുമൂലമാണെന്ന് കരുതുന്നുണ്ടോ;

(ഡി) കോടതിവിധി ചോദ്യം ചെയ്ത് ഗവൺമെന്റ് അപ്പീൽ സമർപ്പിച്ചിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ അത്തരത്തിൽ തീരുമാനമെടുക്കാനുണ്ടായ കാരണം വിശദീകരിക്കുമോ;

(എഫ്) കേസിന്റെ സ്ഥിതി എന്താണെന്ന് വെളിപ്പെടുത്തുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ) ഇല്ല.

(ബി) ഉണ്ട്.

(സി) അത്തരത്തിലുള്ള നിഗമനത്തിലെത്തുന്ന പഠനങ്ങളൊന്നും നടത്തിയിട്ടില്ല.

(ഡി) ഒ.പി. 10046/96 എന്ന വിധിന്യായത്തിനെതിരെ ഹൈക്കോടതിയിൽ ഡബ്ല്യൂ.എ./1936/96 ആയി അപ്പീൽ ഫയൽ ചെയ്തിരുന്നു.

(ഇ) കെ.ഇ.ആർ. പ്രകാരം ഹെഡ്മാസ്റ്റർമാരുടെ അധികാരം നിലനിറുത്താനാണ് പ്രധാനമായും അപ്പീൽ നൽകിയത്.

(എഫ്) അപ്പീലിൽ ഹൈക്കോടതി തീർപ്പ് കൽപ്പിച്ചിട്ടുണ്ട്.

17 (*327) സഹകരണ പ്രസ്ഥാനം

ശ്രീ. ടി.കെ. ബാലൻ :

ശ്രീ. കെ.പി. സതീശ്ചന്ദ്രൻ :

ശ്രീമതി ഗിരിജാ സുരേന്ദ്രൻ :

LIBRARY ARCHIVES Kerala Legislative Assembly